**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 556 29.01.2019-ലെ മറുപടിയ്ക്ക്

**<u>വയനാട് ജില്ലയിൽ കായിക വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ.ആർ.കേളു** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ കായിക വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിലെ ആർച്ചറി അക്കാദമിയിൽ കോമ്പൗണ്ട് വാൾ നിർമ്മാണം, ഹോസ്റ്റലിലുള്ള പ്രീ ഫാബ് കെട്ടിടത്തിന്റെ നിർമ്മാണം എന്നിവയും കുഴൽ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ സംസ്ഥാനത്ത് പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി വയനാട്ടിൽ ഒരു ജില്ലാ സ്റ്റേഡിയവും, ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള ഒരു സ്റ്റേഡിയവും നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പഞ്ചായത്ത് സ്റ്റേഡിയമായ ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ജില്ലാ സ്റ്റേഡിയത്തിന്റെ ടെൻഡറിംഗ് നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) | വയനാട് ജില്ലയിൽ പനമരത്ത് ആരംഭിച്ച കിക്കോഫ് എന്ന ഫുട്ബോൾ പരിശീലന പരിപാടിയിൽ എത്ര കുട്ടികൾക്കാണ് പരിശീലനം നൽകി വരുന്നതെന്ന് വെളിപ്പെടുത്താമോ? | (ബി) | 25 കുട്ടികൾക്കാണ് പരിശീലനം നൽകി വരുന്നത്. |

**സെക്ഷൻ ഓഫീസർ**